ܬܘܒ

ܟܝܢܘܝ ܒܥܘܬܐ ܕܢܝܢܘܐ

നിനവേക്കാരുടെ ബാവുസായുടെ ക്രമം

(മൂന്നു നോമ്പ്)



ܒܝܬ ܡܕܪܫܐ ܕܡܪܝ ܡܪܝ ܒܐܘܣܝ ܕܒܝܬ ܩܘܪܒܠܝܐ

കുറവിലങ്ങാട് മർത്ത് മറിയം പള്ളിയിലെ ക്രമമനുസരിച്ചുള്ളത്

ܫܢܬ ܐܠܦ ܘܬܫܥ ܡܐܐ

നിനവേക്കാരുടെ ബാവുസായുടെ ക്രമം (മൂന്നു നോമ്പ്)

©All rights reserved to
Major Archiepiscopal
Marth Mariam Archdeacon
Pilgrim Church, Kuravilangad

Published by
Major Archiepiscopal
Marth Mariam Archdeacon
Pilgrim Church, Kuravilangad

Printed at St. Thomas Press, Pala
For Private Use Only

06-01-2026
On the Feast of the Denha of Our Lord

ബാവൂസാ ദ്നിനവായേ
നിനവേക്കാരുടെ യാചന

വേരില്ലാത്ത മരം ഒരു വിരോധാഭാസമാണ്. വേരുകൾ ഉണ്ടായിട്ടും അതു തിരിച്ചറിയാത്തത്, അതിനെത്തേടി കണ്ടെത്താത്തത് അപരാധവുമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടു വരുന്ന വിശ്വാസപാരമ്പര്യം തെറ്റുകൂടാതെയും കുറവുകൂടാതെയും പാലിക്കാനും പങ്കുവയ്ക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. 'പാരമ്പര്യമെന്നാൽ ചാരം സൂക്ഷിക്കലല്ല, ജ്വാല കൈമാറലാണ്' (Tradition is not preserving ashes, but to pass on the flame).

പൗരസ്ത്യസഭയുടെ പൗരാണികത കണക്കിലെടുത്തുകൊണ്ട് മാർപാപ്പമാരും വത്തിക്കാൻ കാര്യാലയവുമൊക്കെ കൂടെക്കൂടെ ആവർത്തിക്കുന്ന ഒരു കാര്യമാണ് വിശുദ്ധ പാരമ്പര്യങ്ങളെ വീണ്ടെടുക്കുക എന്നുള്ളത്.

സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർഥാടനകേന്ദ്ര പദവിക്ക് അർഹമായ കുറവിലങ്ങാട് മർത്ത് മറിയം പള്ളി ഇത്തരത്തിലുള്ള ഒരു ചരിത്രനിയോഗമാണ് ഏറ്റെടുത്തു നടപ്പിലാക്കി യിരിക്കുന്നത്. ഏതാണ്ടു പതിനാറാം നൂറ്റാണ്ടുവരെ കുറവിലങ്ങാട് അഭംഗുരം കാത്തു പരിപാലിച്ചുപോന്ന മൂന്നുനോമ്പിന്റെ ബാവൂസാനമസ്കാരം ഈ വർഷം മുതൽ സുറിയാനി ഭാഷയിൽനിന്ന് മലയാളത്തിലേക്കു മൊഴിമാറ്റം ചെയ്ത് അനുഷ്ഠിക്കുകയാണ്. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നിർദ്ദേശപ്രകാരം, മർത്ത് മറിയം പള്ളിയുടെ ആർച്ചു പ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരിയുടെ നേതൃത്വത്തിലാണ് ബാവൂസ രൂപപ്പെടുത്തിയിരിക്കുന്നത്. റവ. ഡോ. ജോൺ കണ്ണന്താനം, ഫാ. മാത്യു പുല്ലുകാലായിൽ, ഫാ.അഗസ്റ്റിൻ കണ്ടത്തിൽകുടിലിൽ, ഫാ.ജോസഫ് പുത്തൂർ, ഡോ. ഫെബിൻ മൂക്കംതടത്തിൽ എന്നിവരാണ് സുറിയാനിയിൽനിന്നുള്ള വിവർത്തനം ചെയ്തിരിക്കുന്നത്. ഇതിലെ കീർത്തനങ്ങൾ രചിച്ചതും പ്രാർഥനകൾ ക്രമീകരിച്ചു ഭാഷചിട്ടപ്പെടുത്തിയതും ഫാ.ജോയി ചെഞ്ചേരിൽ M.C.B.S ആണ്.

'പൗരസ്ത്യക്രിസ്ത്യാനികൾ അവരുടെ ആരാധനക്രമ പാരമ്പര്യങ്ങൾ സജീവമായി നിലനിർത്താനും എളിമയും സഹോദരസ്നേഹവുംകൊണ്ട് അടയാളപ്പെടുത്തിയ ആഴമായ വിശ്വാസജീവിതം എങ്ങനെ നയിക്കാം എന്നുമുള്ളതിനു മാതൃകയായിരിക്കാനും അത് ആഗോളസഭയ്ക്കുതന്നെ ആവശ്യമാണെ'ന്നുമുള്ളലെയോ പതിനാലാമൻ പാപ്പായുടെ നിർദ്ദേശത്തിനുള്ള ഉത്തരംകൂടിയാണ് ഈ ചരിത്രത്തിന്റെ വീണ്ടെടുപ്പ്.

ബാവൂസ എന്ന സുറിയാനി വാക്കിന് യാചന, അപേക്ഷ എന്നൊക്കെയാണർഥം. പഴയനിയമത്തിൽ നിനവേ പട്ടണത്തിൽപ്പോയി പ്രസംഗിക്കാൻ ദൈവം നിയോഗിച്ച യൗനാൻ പ്രവാചകനെയും അദ്ദേഹം മത്സ്യത്തിനുള്ളിൽ കിടന്നതിന്റെയും നിനവേനിവാസികൾ യാചനാപൂർവം ചാക്കുടുത്ത്, ചാരംപൂശി പരിഹാരംചെയ്ത് ദൈവത്തിലേക്കു തിരിഞ്ഞതിന്റെയും (യോനാ 1, 3) മൂന്നു ദിനങ്ങളെ അനുസ്മരിക്കുന്ന ഈ നോമ്പ് പല പേരുകളിൽ അറിയപ്പെടുന്നു. നിനവേ നോമ്പ്, മൂന്നു നോമ്പ് പതിനെട്ടാമിടം, ചെറിയ നോമ്പ്, മകരം തിരുനാൾ എന്നിങ്ങനെ. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് ഈ നോമ്പ് ആചരിക്കപ്പെടുന്നത്. പഴയനിയമത്തിൽ അധിഷ്ഠിതമായ ഏക നോമ്പാചരണമാണ് നിനവേ നോമ്പെന്നതും ഇതിന്റെ പ്രത്യേകതയാണ്. മിശിഹായുടെ പെസഹാരഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ടാടുന്ന വലിയനോമ്പിനു 18 ദിവസം മുൻപ് അതിന്റെ ഒരു പ്രവേശികയായി മൂന്നുനോമ്പ് നിലനിൽക്കുന്നുവെന്നതും എടുത്തുപറയേണ്ടതാണ്. മൂന്നു നോമ്പിനെത്തുടർന്നുവരുന്ന വ്യാഴാഴ്ച ഉപകാരസ്മരണയുടെ തിരുനാളായി (കുമ്പാൽ തൈബൂസാ) കൊണ്ടാടുന്നു.

എ.ഡി. 570 – 580 കാലഘട്ടത്തിൽ നിനവേ, ബേസ്ഗർമേ, അസോർ തുടങ്ങിയ പേർഷ്യൻ നഗരങ്ങളിലുണ്ടായ പ്ലേഗ് ബാധയിൽനിന്ന് രക്ഷനേടുന്നതിനായി പൗരസ്ത്യ സുറിയാനി സഭയിലെ വിശ്വാസികൾ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ദൈവാലയത്തിൽ ഒന്നിച്ചുകൂടി ഉപവസിച്ചു പ്രാർഥിച്ച് പകർച്ചവ്യാധിയിൽനിന്ന് രക്ഷനേടിയത് മൂന്നുനോമ്പാചരണത്തിന്റെ

ചരിത്രപശ്ചാത്തലമാണ്. കാലക്രമത്തിൽ പേർഷ്യൻസഭയുമായി ബന്ധമുണ്ടായിരുന്ന കേരളസഭയിലേക്കും ഈ നോമ്പാചരണം കടന്നുവന്നു.

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽപ്പോലും പൗരസ്ത്യപാരമ്പര്യങ്ങളിലെ ഈ നോമ്പാചരണത്തിന്റെ പ്രസക്തിയും പൗരാണികതയും കണ്ടറിഞ്ഞ്, അതു തുടരണമെന്നു നിഷ്കർഷിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. (ഉദയമ്പേരൂർ സൂനഹദോസ് കാനോനകൾ, ഏഴാം മൗത്വാ, ഒമ്പതാം കാനോന)

മൂന്നുനോമ്പിന്റെ ആത്മാവ് ബാവൂസ നമസ്കാരമാണ്. സുറിയാനിഭാഷയിൽ വിരചിതമായ സുദീർഘമായ ഗീതങ്ങളും കീർത്തനങ്ങളുമാണ് ബാവൂസായിൽ ഉപയോഗിച്ചിരുന്നത്. അനുതാപത്തിന്റെ പ്രതീകമായ കറുത്തവസ്ത്രം അണിഞ്ഞുകൊണ്ട് പുരോഹിതരും ശുശ്രൂഷികളും ഗായകസംഘവുമെല്ലാം മൂന്നുനോമ്പിൽ ഈ ഭജനക്രമം അനുഷ്ഠിച്ചിരുന്നു.

പൗരസ്ത്യസഭയിൽപ്പെട്ട ത്യശൂരുള്ള ശൂറായസഭയും മറ്റും മൂന്നുനോമ്പ് സജീവമായി ആചരിക്കുന്നുണ്ട്. കടുത്തുരുത്തി, പുളിങ്കുന്ന്, കുറവിലങ്ങാട് ദൈവാലയങ്ങൾ മൂന്നുനോമ്പാചരണവുമായി ബന്ധപ്പെട്ടുതന്നെയാണ് പ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ളത്. എങ്കിലും ഇവിടെയൊന്നും ബാവൂസായുടെ പൂർണകർമക്രമങ്ങൾ പാലിച്ചുപോന്നിരുന്നില്ല. 2026 ബാവൂസാദ്നിനവായേയുടെ വീണ്ടെടുപ്പ്, അതിന്റെ ഏതാണ്ട് പൂർണരൂപത്തിലാണ് കുറവിലങ്ങാട് മർത്ത് മറിയം പള്ളി ചിട്ടപ്പെടുത്തിയിരിക്കുന്നത്. സഭയിൽ നിലവിലുണ്ടായിരുന്ന കയ്യെഴുത്ത് പ്രതികൾ ക്രോഡീകരിച്ച്, കൽദായ കത്തോലിക്കാ സന്ന്യാസിയായിരുന്ന പോൾ ബഡ്ജാൻ 1886 ലും പൗരസ്ത്യ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത ആയിരുന്ന മാർ തോമാ ദർമോ 1960 ലും അച്ചടിച്ചു പ്രസിദ്ധീകരിച്ച ഹുദ്രാകൾ അടിസ്ഥാനമാക്കിയാണ് ഈ തക്സ തയ്യാറാക്കിയിരിക്കുന്നത്.

പൗരസ്ത്യ സുറിയാനി സഭാരത്നമായ മാർ അപ്രേം, മാർ അബ്രഹാം മൽപ്പാൻ, മാർ ഏലിയ, മാർ ആവാ കാസോ

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

---

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org